ബസ്ബോഡി ബിൽഡിംഗ് യൂണിറ്റുകൾ

48 [535] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.-യ്ക്ക് എത്ര ബസ് ബോഡി ബിൽഡിംഗ് യൂണിറ്റുകൾ ഉണ്ടെന്ന് പറയാമോ;

(ബി) ഓരോ യൂണിറ്റിലും എത്ര തൊഴിലാളികൾ വീതം പണിയെടുത്തിരുന്നുവെന്നും, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ യൂണിറ്റിലും എത്ര ബസ്സിനാണ് ബോഡികൾ നിർമ്മിച്ചതെന്നും പറയാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വകാര്യ സ്ഥാപനങ്ങളെക്കൊണ്ട് എത്ര ബസ്സുകൾക്കാണ് ബോഡി നിർമ്മിച്ചതെന്നും അതിനുവേണ്ടി ഓരോന്നിനും ചെലവായ തുക എത്രയാണെന്നും പറയാമോ;

(ഡി) സംസ്ഥാനത്തിനുപുറത്തുനിന്നും ബോഡി നിർമ്മിച്ചുകൊണ്ട് വരുന്ന വകയിൽ പ്രവേശന നികുതി നൽകേണ്ടി വന്നതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഇ) കെ.എസ്.ആർ.ടി.സി.-യ്ക്ക് സ്വന്തമായി എല്ലാ സൗകര്യങ്ങളുമുണ്ടായിട്ടും സ്വകാര്യ സ്ഥാപനങ്ങളെക്കൊണ്ട് ബോഡി നിർമ്മിപ്പിക്കുവാനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(എഫ്) സംസ്ഥാനത്തെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാൻകൂടി സഹായകമായ രീതിയിൽ ബസ് ബോഡികൾ പൂർണ്ണമായും ഇവിടെത്തന്നെ നിർമ്മിക്കുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) ഒരു യൂണിറ്റുണ്ട്.

(ബി) ബോഡി ബിൽഡിംഗ് യൂണിറ്റായ സെൻട്രൽ വർക്ക്സിൽ 141 തൊഴിലാളികളുണ്ട്. 25 ബസ്സുകൾക്ക് ബോഡി നിർമ്മിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വകാര്യ സ്ഥാപനങ്ങളെക്കൊണ്ട് 140 ബസ്സുകൾക്കാണ് ബോഡി നിർമ്മിച്ചിട്ടുള്ളത്. ഇതിനായി ഫാസ്റ്റ് പാസഞ്ചർ ലൈലാന്റിന് 5,12,550 രൂപയും, ഫാസ്റ്റ് പാസഞ്ചർ ടാറ്റയ്ക്ക് 5,10,000 രൂപയും സൂപ്പർ ഫാസ്റ്റിന് 5,48,000 രൂപയും ഡീലക്സ് ബസ്സിന് 7,28,000 രൂപയും ബസ്സൊന്നിന് ചെലവായിട്ടുണ്ട്.

(ഡി) പ്രവേശന നികുതി നൽകുന്നത് അതാത് ബോഡി നിർമ്മാണ കമ്പനിയാണ്. കെ.എസ്.ആർ.ടി.സി. അല്ല. ഹർഷാ വീൽ മുവേഴ്സിന് ബാംഗ്ലൂരിന് മാത്രമാണ് പ്രവേശന നികുതി നൽകേണ്ടി വരുന്നത്. ഇതിൽ ഫാസ്റ്റ് പാസഞ്ചറിന് ഒരു ബസ്സിന് 64,620 രൂപയും സൂപ്പർ ഫാസ്റ്റിന് 68,990 രൂപയുമാണ് പ്രവേശന നികുതി കൊടുക്കുന്നത്. (13.8 %)

(ഇ) കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പിൽ ബോഡി നിർമ്മിക്കുമ്പോൾ ഉണ്ടാകുന്ന തുക സ്വകാര്യ സ്ഥാപനങ്ങളിൽ നിർമ്മിക്കുമ്പോൾ ഉണ്ടാകുന്ന തുകയേക്കാൾ കൂടുതലാണ്. അതുകൊണ്ടാണ് സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പിൽ ബോഡി നിർമ്മിക്കുന്നതാണ് ലാഭകരമെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം ഇവിടെത്തന്നെ ബോഡികൾ നിർമ്മിക്കുവാൻ നടപടി എടുക്കുന്നതാണ്.

ഹൈടെക് ബോഡി നിർമ്മാണം

49 [536] ശ്രീ. കെ. ബാബു:
,, ടി. വി. ചന്ദ്രമോഹൻ:
,, പി. ജെ. ജോയി:
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാസ്റ്റ് പാസഞ്ചർ സർവ്വീസായി ഓടിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-യ്ക്ക് എത്ര ബസ്സുകൾ ഉണ്ട്;

(ബി) ഇവയ്ക്കെല്ലാം ഹൈടെക് ബോഡി നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഒരു ബസ്സിന് ഹൈടെക് ബോഡി നിർമ്മിക്കുന്നതിന് എന്ത് ചെലവുണ്ട്;

(ഡി) എവിടെയാണ് ഈ ബോഡികൾ നിർമ്മിക്കുന്നത്;

(ഇ) ഹൈടെക് ബോഡി നിർമ്മിച്ച ബസ്സുകളുടെ ചക്രങ്ങൾക്ക് കൂടുതൽ തേയ്മാനം സംഭവിക്കുന്നുണ്ടോ?

ഉത്തരം

(എ ആന്റ് ബി) 946 ബസ്സുകൾ ഉണ്ട്. ഇവയിൽ 444 എണ്ണം ഹൈടെക് ബോഡിയിൽ നിർമ്മിച്ചിട്ടുള്ളവയാണ്. ഇനി നിരത്തിലിറക്കുന്ന ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ ഹൈടെക് ബോഡിയിൽ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ നിർമ്മിക്കുന്നതിന് ശരാശരി ചെലവ് ഫാസ്റ്റ് പാസഞ്ചർ . . 6,12,251 രൂപ.

സ്വകാര്യ സ്ഥാപനങ്ങളിൽ ബോഡി നിർമ്മിക്കുന്നതിനുള്ള തുക

എ.	ഫാസ്റ്റ് പാസഞ്ചർ-ലൈലാന്റ്	. .	5,12,550 രൂപ.
ബി.	ഫാസ്റ്റ് പാസഞ്ചർ-ടാറ്റ	. .	5,10,000 രൂപ.
സി.	സൂപ്പർ ഫാസ്റ്റ്	. .	5,48,000 രൂപ.
ഡി.	ഡീലക്സ് ബസ്	. .	7,28,000 രൂപ.

(ഡി) 1. ഹർഷാ വീൽ മൂവേഴ്സ് (പ്രൈവറ്റ്) ലിമിറ്റഡ്, ബാംഗ്ലൂർ.
2. ഹൈടെക് ആട്ടോ ക്രാഫ്റ്റ്, ആലപ്പുഴ.
3. പോപ്പുലർ മെഗാ മോട്ടേഴ്സ് (പ്രൈവറ്റ്) ലിമിറ്റഡ്, തിരുവനന്തപുരം.
4. റ്റി.വി.എസ്. ആന്റ് സൺസ്, തിരുവനന്തപുരം.
5. ശക്തി കോച്ച്, കാരൂർ.
6. റോയർ എഞ്ചിനീയറിംഗ് കമ്പനി, കാരൂർ.

കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ വർക്ക്ഷോപ്പിലും ബോഡി നിർമ്മിക്കുന്നുണ്ട്.

(ഇ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly